





# മഗ്നോലിയ

## ജി എച്ച് എസ് അലനല്ലൂർ

# പ്രണാമം



**അകാലത്തിൽ ഞങ്ങളെ വേർപിരിഞ്ഞ ഇംഗ്ലീഷ് അധ്യാപകനായിരുന്ന അബൂബക്കർ മാഷിന് ആദരാഞ്ജലികൾ**

# എഡിറ്റോറിയൽ ബോർഡ്

ഫാത്തിമത്ത് ഷിഫാ (*ചീഫ് എഡിറ്റർ*)
അശ്വനി (*സബ് എഡിറ്റർ*)
ഫായിസ് (*സബ് എഡിറ്റർ*)
ആരതി (*സബ് എഡിറ്റർ*)

കവർ ഡിസൈൻ & ലേ ഔട്ട്: അഭിജിത്ത്

# താളുകളിലൂടെ...


പുതിയ കൊറോണ വൈറസ്  5

കല്പാന്തം 13

ചെന്നായും കുട്ടികളും 15

പുസ്തക പരിചയം 17

അറിയാമോ 19

തോഴൻ 20

ജീവചരിത്രം 21

പദപ്രശ്നം 24


ചിത്രം 26

മഴവില്ല് 27

വാർത്തകളിലൂടെ 28

# പുതിയ കൊറോണ വൈറസ്......

ഫായിസ് , 9 D



ചൈനയിലെ വുഹാനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട് ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് ബാധയെത്തുടർന്ന് ഇതുവരെ 400 നടുത്ത് ആളുകൾക്കാണ് ജീവൻ നഷ്ടമായിരിക്കുന്നത്. ചൈനയ്ക്ക് പുറമെ ഇന്ത്യ, യുഎസ്, യുകെ ഉൾപ്പെടെ 24 രാജ്യങ്ങളിലേയ്ക്കും പടർന്നു പിടിച്ചുകഴിഞ്ഞു. ഒരേ രോഗലക്ഷണങ്ങളുമായി ഒന്നിനു പുറകെ ഒന്നായി രോഗികൾ എത്തിയതോടെ 'ഇതുവരെ ഇല്ലാത്ത' വൈറസിനെ തിരിച്ചറിഞ്ഞത് ചൈനയിലെ ഒരു വനിതാ ഡോക്ടറാണ്.

വുഹാനിലെ റെസ്പിറേറ്ററി ആൻഡ് ക്രിട്ടിക്കൽ കെയർ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായ ഡോ. സാങ് ജിക്സിയാൻ ആണ് ലോകത്തിനു മുന്നിൽ ഹീറോ ആയി മാറുന്നത്. ആദ്യ ഏഴ് കൊറോണ ബാധിതരെ ചികിത്സിച്ചതും 54 കാരിയായ ഡോ. സാങ് ആണ്. പുതിയ തരം പനി എന്ന നിലയിലാണ് ഡിസംബർ 26 ന് വുഹാനിലുള്ള നാലുപേരെ ഡോ. സാങ് പരിശോധിക്കുന്നത്. ഒരു കുടുംബത്തിൽ നിന്നുള്ള മൂന്നു പേർ കടുത്ത ശ്വാസ തടസ്സവുമായാണ് സാങ്ങിനെ കാണാനെത്തിയത്.

എക്സ്റേയിൽ കടുത്ത ന്യുമോണിയ ബാധിച്ചതായി കണ്ടെത്തുകയും ചെയ്തു. പിന്നാലെ ഇതേ ലക്ഷണങ്ങളുമായി മൂന്നു പേർ കൂടി എത്തിയതോടെയാണ് ഇതിനു പിന്നിലെ അപകട സൂചന സാങ് മനസ്സിലാക്കുന്നത്. ഈ ഏഴു പേരും ഹുനാൻ കടൽ വിഭങ്ങളുമായും വുഹാനിലെ ഇറച്ചിച്ചന്തയുമായും മൃഗങ്ങളുമായി സമ്പർക്കം പുലർത്തുന്നവരുമാണെന്നും തിരിച്ചറിഞ്ഞതോടെ പുതിയ ഒരു രോഗം ആണെന്ന് സാങ് മനസ്സിലാക്കുകയും ആശുപത്രി അധികൃതർക്ക് ഉൾപ്പെടെ മുന്നറിയിപ്പ് നൽകുകയും ചെയ്തു.

തുടർന്ന് ഇതേ രോഗലക്ഷണങ്ങളുമായി എത്തുന്നവർക്കായി കൺസൾട്ടേഷനായി ഒരു മൾട്ടി ഡിപ്പാർട്ട്മെന്റ് തുടങ്ങി. ആശുപത്രി

ജീവനക്കാർ എൻ95 മാസ്കും ധരിച്ചു തുടങ്ങി. ദിവസങ്ങൾ മുന്നോട്ട് പോയപ്പോൾ ന്യൂമോണിയ കേസുകൾ കൈകാര്യം ചെയ്യുന്ന ഡോക്ടർമാരും നഴ്സുമാരും പ്രൊട്ടക്ടീവ് ഐസൊലേഷൻ വസ്ത്രങ്ങൾ ഉപയോഗിച്ചു തുടങ്ങുകയായിരുന്നു.

പിന്നീടാണ് ഇത് നൊവേൽ കൊറോണ ആണെന്ന് തിരിച്ചറിഞ്ഞത്. 2003 ൽ ചൈനയിൽ നിന്ന് പടർന്നു പിടിച്ച കൊറോണ വൈറസായ സാർസ് ബാധിച്ച രോഗികളെ ചികിത്സിച്ച അനുഭവമാണ് പുതിയ കൊറോണ വൈറസ് ബാധിതരെ ചികിത്സിക്കാൻ സഹായകമായതെന്ന് ഡോ. സാങ് പറയുന്നു.





ചൈനയിലെ വുഹാനിൽനിന്ന് പടർന്നുപിടിച്ച അത്യന്തം അപകടകാരിയായ കൊറോണ വൈറസ് ഭീതിയിലാണ് ലോകമെങ്ങും. കഴിഞ്ഞ ഡിസംബർ അദ്യവാരം ചൈനയിൽ കാണപ്പെട്ട കൊറോണ വൈറസ് ഇരുപതിലധികം രാജ്യങ്ങളിലാണ് അതിവേഗം പടർന്നത്. ആയിരക്കണക്കിന് പേരെയാണ് കൊറോണ ബാധിച്ചത്. നിരവധി ജീവനുകളും നഷ്ടപ്പെട്ടു. വൈറസ് ചൈനയിൽ വ്യാപിച്ച് തുടങ്ങിയതുമുതൽ സംസ്ഥാന ആരോഗ്യവകുപ്പ് കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ എടുത്തു. നിരവധി മലയാളികളാണ് ചൈനയിൽ പഠനത്തിനും ജോലിക്കും മറ്റുമായുള്ളത്. കൊറോണ ഉള്ള ആരെങ്കിലും ചൈനയിൽനിന്ന് വന്നാൽ അത് ഇവിടെ വ്യാപിക്കാൻ സാധ്യത കണക്കിലെടുത്തായിരുന്നു മുന്നൊരുക്കങ്ങൾ. വരുന്ന ആളിന്റെയും അവരുടെ ബന്ധുക്കളുടെയും പൊതുജനങ്ങളുടെയും ജീവൻ രക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അത് മുന്നിൽക്കണ്ട മുന്നൊരുക്കമാണ് എടുത്തത്. നിപാ വൈറസിനെ അതിജീവിച്ച അനുഭവ പാഠവുമായാണ് കൊറോണ വൈറസിനെ നേരിടാൻസജ്ജമായത്.

ജനുവരി 30 നാണ് ഇന്ത്യയിലെ ആദ്യത്തെ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് അറിയുന്നത്. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ ചികിത്സയിൽ

കഴിഞ്ഞ ഒരു വിദ്യാർഥിനിക്കാണ് വൈറസ് സ്ഥിരീകരിച്ചത്. മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസോടെതന്നെ തിരിച്ചറിയാൻ പറ്റി. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽത്തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. വിദ്യാർഥിനിയുടെ ആരോഗ്യനില തൃപ്തികരമാണ്.
കഴിഞ്ഞ ദിവസമാണ് രണ്ടാമത്തെ കൊറോണ വൈറസ് ബാധിച്ചതായുള്ള നിഗമനം പുണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് വന്നത്. പ്രാഥമിക പരിശോധനയായതിനാൽ അന്തിമഫലം കിട്ടിയാൽ മാത്രമേ സ്ഥിരീകരിക്കാനാകൂ. വൈറസ് ബാധിച്ചതായി സംശയിക്കുന്ന വിദ്യാർഥി ചൈനയിൽനിന്ന് വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലാണ്. വിദ്യാർഥിയുടെ ആരോഗ്യനില തൃപ്തികരമാണ്.

മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്കും മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കും പകരുന്ന മാരക വൈറസ് രോഗമാണ് കൊറോണ. പനി, തൊണ്ടവേദന, ചുമ എന്നിവയാണ് കൊറോണ വൈറസിന്റെ പ്രധാന ലക്ഷണങ്ങൾ. ചിലപ്പോൾ വയറിളക്കവും വരാം. സാധാരണഗതിയിൽ ചെറുതായി


വന്നുപോകുമെങ്കിലും കടുത്തുകഴിഞ്ഞാൽ ശ്വാസകോശം ഉൾപ്പെടെയുള്ള ആന്തരികാവയവങ്ങളെ ബാധിച്ച് ഗുരുതരാവസ്ഥയിലാകാനും മരണംവരെ സംഭവിക്കാനും സാധ്യതയുണ്ട്. പുതിയ വൈറസായതിനാൽ അതിന് പ്രതിരോധമരുന്നോ കൃത്യമായ മരുന്നുചികിത്സയോ ഇല്ല. എങ്കിലും വിദഗ്ധ ചികിത്സയിലൂടെയും വെന്റിലേറ്റർ ഉൾപ്പെടെയുള്ള അനുബന്ധ ചികിത്സയിലൂടെയും ഏറ്റവും നല്ല ചികിത്സ നൽകാനാണ് ശ്രമിക്കുന്നത്. ആശുപത്രികൾക്കുള്ളിൽ രോഗപ്പകർച്ച തടയുന്നതിനുള്ള സുരക്ഷാ മാനദണ്ഡങ്ങളും ശക്തമാക്കുന്നു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ തലങ്ങളിൽ പ്രതിരോധം ശക്തമാക്കി. കൊറോണ വൈറസ് ചൈനയിൽ പടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജാഗ്രതാനിർദേശം പുറപ്പെടുവിച്ചു. വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കി. ചൈനയിൽ പോയി തിരിച്ചുവന്നവർ അതത് ജില്ലാ മെഡിക്കൽ ഓഫീസിൽ ബന്ധപ്പെടണമെന്ന് നിർദേശം നൽകി. രോഗലക്ഷണങ്ങൾ കണ്ടാൽ പ്രത്യേകമായി നിരീക്ഷിക്കാൻ തീരുമാനിച്ചു. കർശന പ്രതിരോധ നടപടികൾ

സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദേശവും നൽകി. പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി മാർഗനിർദേശങ്ങളും ലോകാരോഗ്യ സംഘടന അംഗീകരിച്ച ചികിത്സാ മാനദണ്ഡങ്ങളും പുറത്തിറക്കി.

## ഏകോപനത്തിന് കൺട്രോൾറൂമുകൾ

സ്റ്റേറ്റ് കൺട്രോൾ റൂമും ജില്ലാ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ദിവസവും യോഗം ചേർന്നാണ് ഓരോ ദിവസത്തെയും പ്രവർത്തനം ഏകോപിപ്പിക്കുന്നത്. പ്രധാനയോഗങ്ങളിൽ ആരോഗ്യമന്ത്രിയും പങ്കെടുത്തു. നിരീക്ഷണത്തിലുള്ളവരെ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാക്കി വിഭജിച്ചാണ് നിരീക്ഷണം ക്രമീകരിച്ചിട്ടുള്ളത്.



## ആശുപത്രികൾ സജ്ജം

മെഡിക്കൽ കോളേജുകളിലും പ്രധാന ജനറൽ, ജില്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡുകൾ തയ്യാറാക്കി. എല്ലാ ആശുപത്രികളിലും അണുനശീകരണം ഊർജിതമാക്കി. മാസ്ക്, കൈയുറ, സുരക്ഷാ കവചങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കാൻ കെഎംഎസ്സിഎല്ലിനെ ചുമതലപ്പെടുത്തി. രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ പൂണെയിലെ ദേശീയ വൈറോളജി ലാബിലേക്ക് അയക്കാനും നിർദേശിച്ചു.

## നിരീക്ഷണം ശക്തം

വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കിയാണ് പ്രാഥമികമായി കൊറോണ വൈറസ് ഉള്ളവരെ കണ്ടെത്തുന്നത്. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയ ആശുപത്രിയിലേക്ക് അയക്കുന്നു. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ ബോധവൽക്കരണം നൽകി വീട്ടുകളിൽത്തന്നെ നിരീക്ഷിക്കും. 28 ദിവസംവരെ നിരീക്ഷിക്കണം.

# കല്പാന്തം

കവിത എസ് കെ
(ഇംഗ്ലീഷ് ടീച്ചർ ,ജി .എച് .എസ് അലനല്ലൂർ )



പുഴ കടന്നൊരാൾ മെല്ലെ നീങ്ങുന്നുവോ

ചൊരിമണലിൽ തൻകാല്പാട്ടു വീഴ്ത്തിയോ

പുഴ ചിരിക്കുന്നു, മന്ദമായ്,ഓളത്തിൽ,

തെളിനിലാവതാ മുങ്ങി നിവർന്നു പോയ്.

കടവിലൊറ്റക്കു നിന്നൊരാൾമൂകമായ്

കനലു മൂടിയ നെഞ്ചകംവിങ്ങിയോ:

പ്രിയമൊരാളെത്തും എന്ന പ്രതീക്ഷയിൽ

കാത്തുകാത്താ മണലിൽകിടന്നുവോ.

മഴയിൽ കാറ്റിൽ വെയിലിൽ വരമ്പിലും

പുഴയിൽ പൂവിൽ ശിശുവിൽ വനത്തിലും

കവിത തേടി അലഞ്ഞു നടന്നൊരാൾ ,

കവിത കാത്ത് നിദ്ര വെടിഞ്ഞൊരാൾ.

ഒരു കിനാവുപോലവൾ വന്നിരുന്നതും

ഹൃദയവാതിൽ മലർക്കെ തുറന്നതും

കവിതയായി മനസ്സിൽ പിറന്നതും

വരികളായി കുറിച്ചു വെച്ചെന്നതും.

വഴിയതേറെയും പോകേണ്ടതുണ്ടല്ലോ

പഥികരാരും തുണയായി ഇല്ലല്ലോ.

കദനമേറെ കരിങ്കാറു പോലയോ

വിരഹമായി വഴികൾ നിറഞ്ഞതോ.

കടവിതെന്നേ ശൂന്യമായ് പോയതും

കനവു ചിന്നിയ ചിത്രമായ് തീർന്നതും

പുഴ കരയുന്ന നേർത്തൊരീണത്തിലായ്

തെളിനിലാവതാ മേഘത്തിലാണ്ടു പോയ്.



# ചെന്നായയും കുട്ടികളും

പണ്ടൊരിക്കൽ ഒരു കാടിന്റെ അരികിലുള്ള ഒരു വീട്ടിൽ ഒരാട് താമസിച്ചിരുന്നു. അവളെ അമ്മകുട്ടി എന്ന് വിളിച്ച് പോന്നു, കാരണം അവൾക്ക് ഏഴ് കുഞ്ഞുങ്ങളെ വളർത്താൻ ഉണ്ടായിരുന്നു. കുട്ടികളെല്ലാം നല്ല പെരുമാറ്റക്കാരായിരുന്നു.

അവൾ വെളിയിൽ പോകുമ്പോൾ കുഞ്ഞുങ്ങളോടു പറയും

“ഞാനില്ലാത്തപ്പോൾ ഈ വാതിൽ ആർക്കും

തുറന്നു കൊടുക്കരുത് ."

കുട്ടികൾ അതിന് മറുപടി പറയും "ഞങ്ങൾ വാക്ക് തരുന്നു അമ്മേ.”

ഒരു ദിവസം അമ്മക്കുട്ടി അവരെ തനിച്ചാക്കി പതിവുപോലെ പുറത്തു പോയി. പക്ഷേ,അന്ന് രാവിലെ വലിയ ഒരു ദുഷ്ടൻ ചെന്നായ ആ വഴിയെ പോയി . വീടിന്റെ ജനാലയിലൂടെ കുട്ടികൾ

കളിക്കുന്നത് അവൻ കണ്ടു. "ആ കുട്ടികൾ എനിക്ക് ഒരു സ്വാദുള്ള ലഘു ഭക്ഷണത്തിന് കൊള്ളാം" അവൻ വിചാരിച്ചു.വെള്ളമൂറുന്നചുണ്ടുകൾ നക്കി ക്കൊണ്ട്, "അവരെ പറ്റിക്കാൻ ഒരു വഴി കണ്ടുപിടിക്കണം."അങ്ങനെ, അവൻ വീടിന്റെ വാതിലിൽ മുട്ടി.

"കുഞ്ഞുങ്ങളെ,"അവൻ വിളിച്ചു, "ഞാനൊരു കൂട്ടുകാരനാണ്."


പക്ഷേ ആ കുട്ടികൾ അവരുടെ അമ്മ പറഞ്ഞിരുന്ന കാര്യം ഓർത്തു."ഇല്ല" അവർ വിളിച്ചു പറഞ്ഞു, "പോയ്ക്കോളൂ ഞങ്ങളെ വിട്ടേക്കൂ.ഞങ്ങൾ വാതിൽ ആർക്കും തുറന്നു കൊടുക്കുകയില്ലെന്ന് അമ്മയ്ക്ക് വാക്ക് കൊടുത്തിട്ടുണ്ട്."നിരാശനായ ചെന്നായ് പതുങ്ങി കടന്നു പോയി.പക്ഷേ ഗ്രാമത്തിലെ റൊട്ടിക്കട കണ്ടപ്പോൾ അവന് ഒരു കൗശലം തോന്നി.അവൻ നടന്നു ചെന്നു ഏഴ് കേക്ക് വാങ്ങിച്ചു.അവൻ പുറകോട്ട് നടന്ന് വീണ്ടും.ആ കുട്ടികളുടെ വീട്ടിൽ ചെന്നു.ഇപ്രാവശ്യം അവൻ വലിയ വിനയത്തോടെയാണ് ചെന്നത്."കുഞ്ഞുങ്ങളെ"അവൻ പറഞ്ഞു, നിങ്ങൾക്ക് ഈ കേക്ക് തരാൻ ഞാൻ മറന്നുപോയി.ഇത് അങ്ങോട്ട് തരാൻ വേണ്ടി വാതിൽ തുറക്കൂ.ആ കൊച്ചുകുട്ടികൾക്ക് ഒന്നും ചെയ്യാൻ അറിഞ്ഞു കൂടായിരുന്നു.അവർക്ക് അവരുടെ അമ്മയോട് അനുസരണകേട് കാണിക്കാൻ തോന്നിയില്ല......പക്ഷേ ആ കേക്ക് കണ്ടിട്ട് വളരെ സ്വാദുള്ളതായി തോന്നി, കുട്ടികൾ വിചാരിച്ചു അമ്മ പറഞ്ഞിട്ടുണ്ട് വാതിൽ തുറക്കരുതെന്ന് -അതിന്റെ പൂട്ട് തുറക്കുന്നതിനെപ്പറ്റി അമ്മ ഒന്നും പറഞ്ഞിട്ടില്ല.

അങ്ങനെ,ബുദ്ധിയില്ലാതെ ആ കുട്ടികൾ വാതിലിന്റെ പൂട്ട് തുറന്നു. പെട്ടെന്ന് ചെന്നായ അകത്തേക്ക് തള്ളിക്കയറി. എല്ലാവരേയും പിടിച്ചു വിഴുങ്ങി.കട്ടിലിൽ ഒളിച്ചു കിടന്ന ഒരാളെ ഒഴിച്ച്. **അഭിജിത്ത്, 9 D**

## പുസ്തക പരിചയം



**അദ്വൈത് , 9 B**




വി.ജെ ജയിംസിന്റെ 'നിരീശ്വരൻ' എന്ന നോവലിന് വയലാർ അവാർഡ് ലഭിച്ചു.

'നിരീശ്വരന്റെ' ശക്തിയെക്കുറിച്ചു സംശയമുള്ളവർ എഴുത്തുകാൻ വി.ജെ. ജെയിംസിന്റെ സാക്ഷ്യപത്രം തന്നെ വായിക്കണം. എഴുത്തനുഭവത്തെക്കുറിച്ച് നോവലിന്റെ തുടക്കത്തിൽ

ചിലതൊക്കെ കുറിക്കണം എന്നദ്ദേഹം  കരുതിയിരുന്നു.
സാക്ഷ്യപത്രത്തിൽ നിന്നു നോവലിലേക്കു കടക്കുമ്പോഴാകട്ടെ അവിശ്വാസികൾ സ്ഥാപിച്ച വിമതദൈവമായ നിരീശ്വരൻ ദേശത്തിലെ വ്യത്യസ്തരായ ആൾക്കാരുടെ നിത്യജീവിത പ്രശ്നങ്ങൾക്ക്  പരിഹാരമേകിക്കൊണ്ട്  ജനവിശ്വാസത്തിന്റെ അടിസ്ഥാനമായി മാറുന്നതുകാണാം. നായകപദവിയിലേക്ക് ഉയരുന്നതും.

ആത്മവിശ്വാസം നഷ്ടപെട്ട  ആദ്യ മനുഷ്യന്റെ  സൃഷ്ടിയാണു ദൈവം .ഭയമാണതിന്റെ ഉത്പത്തിസ്ഥാനം .

രണ്ടു തലമുറകളിൽ നിന്നുള്ള  ഒരു പിടി മനുഷ്യരുടെ കലങ്ങി മറിഞ്ഞ മനുഷ്യരുടെ ജീവിതാവേശങ്ങളാണ്

നിരീശ്വരന്റെ ഭൂമിക .ആന്റണി , ഭാസ്കരൻ , സഹീർ എന്നീ സുഹൃത്തുക്കൾ നിരീശ്വരവാദം സ്ഥാപിക്കാനുള്ള യത്നത്തിൽ ഒരു നിരീശ്വര പ്രതിമയുണ്ടാക്കി ഗ്രാമമധ്യത്തിൽ പ്രതിഷ്ഠിക്കുന്നു തങ്ങളുടെ മുൻ തലമുറയിൽ തങ്ങളുടെ എതിർ ജീവിതം ജീവിച്ച അർണാബ് ,ഈശ്വരൻ നമ്പൂതിരി സെയ്ദ് എന്നിവരെയും അവരുടെ പൊതു സുഹൃത്ത് ഇന്ദ്രജിത്തിനെയും ഈ മൂവർ സംഘം നിരീശ്വരന്റെ അപ്പുറവും ഇപ്പുറവുമായി കണ്ടെത്തുന്നു .കാലത്തിന്റെ കൊളാഷ് പോലെ ഈ തലമുറകളുടെ സാന്നിധ്യം നോവൽ ആഘോഷിക്കുന്നു  ഗ്രാമീണവിശ്വാസങ്ങളുടെയും


ജീവിതാവബോധത്തിന്റെയും കരുത്തും വിളിച്ചോതുന്ന ആൽ മാവും അതിന്റെ ചോട്ടിലെ നിരീശ്വര പ്രതിഷ്ഠയും അതുമായി ബന്ധപ്പെട്ട അത്ഭുതാനുഭവങ്ങളും തികച്ചും കേരളീയമായ ഒരു മാന്ത്രിക യാഥാർത്ഥ്യത്തെ നിർമ്മിക്കുന്നുണ്ട്.



## അറിയാമോ........














# തോഴൻ

അമൃത , 8 I

കാണാം കണ്ണിൽ തെളിയുന്നതെന്നും

ഓർത്തിരിക്കാനൊരാൾ കൂടെ വേണം

കേൾക്കാം കാതിൽ ശ്രവിക്കുന്നതെന്നും

കൂട്ടിരിക്കാനൊരാൾ കൂടെ വേണം

ഓർക്കാം എന്നും മനസ്സിലെ കുളിർതെന്നൽ



പടി വാതിൽ മുട്ടുന്ന കഥനസ്വരം

മായാ കഥനസ്വരം

പാട്ടുകൾ പാടാം ആസ്വദിക്കാമെന്നും

കാത്തിരിക്കാനൊരാൾ കൂടെ വേണം

ദു:ഖങ്ങളെല്ലാം പറഞ്ഞു തീർക്കാനായി

സ്നേഹിതനായൊരാൾ കൂടെ വേണം

എന്നും പ്രിയ തോഴനായൊരാൾ കൂടെ വേണം.

## ജീവചരിത്രം

# അഭിജിത് ബിനായക് ബാനർജി




ഇന്ത്യൻ വംശജനായ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനാണ് അഭിജിത് ബിനായക് ബാനർജി (ജനനം 1961). ആഗോള ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് വികസന സാമ്പത്തിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് ബാനർജിക്ക് 2019 ൽ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം [ലഭിച്ചു. മസാച്യുസൈറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സാമ്പത്തിക ശാസ്ത്രജ്ഞനും ഗവേഷകനുമാണ്

അഭിജിത് ബാനർജി. പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞരായ എസ്തർ ഡുഫ്ളോ, മിഖായേൽ ക്രെമർ എന്നിവർക്കൊപ്പമാണ്


അദ്ദേഹം സാമ്പത്തിക നൊബേൽ നേടിയത്. ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യ സെന്നിന് ശേഷം ഈ നേട്ടം കൈവരിക്കുന്ന ആദ്യത്തെ ഇന്ത്യൻ വംശജനാണ് അഭിജിത് ബാനർജി. ആഗോള ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പരീക്ഷണാത്മക സമീപനത്തിനാണ് അദ്ദേഹത്തിന് സാമ്പത്തിക നൊബേൽ ലഭിച്ചത്.

1961-ൽ കൊൽക്കത്തയിലാണ് അഭിജിത് ബാനർജി ജനിച്ചത്. അച്ഛനായ ദീപക് ബാനർജിയും അമ്മ നിർമ്മലാ ബാനർജിയും എക്കണോമിക്സ് അധ്യാപകരായിരുന്നു. പ്രസിഡൻസി കോളേജിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം ജെഎൻയുവിൽ നിന്നാണ് ബിരുദാനന്തരബിരുദം നേടിയത്. പിന്നീട് 1988-ൽ ഹാർവാർഡ് സർവകലാശാലയിൽ നിന്ന് അദ്ദേഹം പിഎച്ച്ഡി നേടി. *വിവരവിനിമയത്തിൻറെ*

*സാമ്പത്തിക ശാസ്ത്രം* എന്നതായിരുന്നു ഹാർവാർഡിൽ അദ്ദേഹത്തിൻറെ തീസിസ് വിഷയം.

നിലവിൽ മസാച്യുസൈറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അധ്യാപകനാണ് അഭിജിത് ബാനർജി. പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഹാർവാർഡ് സർവകലാശാലയിലും പ്രിൻസ്റ്റൺ സർവകലാശാലയിലും അദ്ദേഹം അധ്യാപകനായിരുന്നു. അധ്യാപനരംഗത്തായിരിക്കെയാണ് അദ്ദേഹം വികസനസാമ്പത്തിക ശാസ്ത്രത്തിൽ ശ്രദ്ധയൂന്നിയത്. 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിലെ കോൺഗ്രസ്സിന്റെ പ്രധാന വാഗ്ദാനമായിരുന്ന ന്യായ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലും അദ്ദേഹം പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന് 'പുവർ ഇക്കണോമിക്സ്' എന്ന പുസ്തകത്തിന് ഗോൾഡ്മാൻ സാച്ച്സ് ബിസ്സിനസ്സ് ബുക്ക് ഓഫ് ദി ഇയർ പുരസ്കാരം ലഭിച്ചു. 2015-ന ശേഷമുള്ള വികസന അജണ്ട ആധാരമാക്കി യു.എൻ. സെക്രട്ടറി ജനറൽ രൂപീകരിച്ച പ്രശസ്ത വ്യക്തികളുടെ ഉന്നതതല സമിതിയിൽ അംഗമായിരുന്ന അഭിജിത് ബിനായക് ബാനർജി.2019 ലെ സാമ്പത്തിക ശാസ്ത്ര നൊബേൽ പുരസ്കാരം നേടിയത് അദ്ദേഹം ആണ്. **ഷിഫാ , 9C**

# പദപ്രശ്നത്തിലൂടെ..




ചിത്രം 1

## വലത്തോട്ട്

1 -കേരള നിയമസഭ സ്ഥിതിചെയ്യുന്നത് എവിടെ?

2-കേരളത്തിന്റെ ഇപ്പോഴത്തെ ആഭ്യന്തര മന്ത്രി?

5-2022 ഫുട്ബോൾ ലോകകപ്പ് നടക്കുന്നത് എവിടെ?

7-കരിപ്പൂർ വിമാനത്താവളം ഏത് ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?

## താഴോട്ട്

1-മാർത്താണ്ഡവർമ്മ ഭരിച്ചത് എവിടെ?

3-ഇന്ത്യയുടെ ദേശീയഗാനം?

4-ചിത്രം 1

6-ഏഷ്യയിലെ ഏറ്റവും ചെറിയ രാജ്യം?

നവാഫ്.സി,7B

# ചിത്രം



വര: ഫാത്തിമത്ത് ഹന്ന , 6G

ഭിന്നശേഷി വിദ്യാർത്ഥി



# മഴവില്ല്

കാർ മേഘം നിറയുന്ന
മന്ദമാരുതൻ ചാരത്ത്
തെളിമാനം അകലുന്ന
പുതുമിഴികൾ തുറക്കുന്നു.
വിണ്ണ് നിറഞ്ഞ് കരയുന്ന
ആനന്ദത്തിൽ പൊൻകണ്ണീർ
പുതു ജീവനുകൾ മുളക്കുന്ന
ദൈവത്തിൻ കര സ്പർശത്താൽ
മൃദുലമാം ആർദ്രതയേകുന്ന
കാർമേഘതൻ പുഞ്ചിരിതൻ
കുളിരാകെ വിറക്കുന്നു.
കരളലിയും ഈ നിമിഷം
അലിയട്ടെ വിദ്വേഷം
തെളിയട്ടെ പൊൻ മഴവില്ല്..!

അശ്വതി ,8 I

# വാർത്തകളിലൂടെ (2019-20)

**മണ്ണാർക്കാട് സബ്ജില്ല ശാസ്ത്രോത്സവം ഓവറോൾ കിരീടം ജി എച് എസ് അലനല്ലൂരിന്**

ഈ കൊല്ലവും മികച്ചപ്രകടനത്തിലൂടെ (മൂന്ന് ഒന്നാം സ്ഥാനങ്ങളും ,ഒരു രണ്ടാം സ്ഥാനവും) ഹൈസ്കൂൾ വിഭാഗം മണ്ണാർക്കാട് ഉപജില്ലാ ശാസ്ത്രോത്സവത്തിൽ ഓവറോൾ കിരീടം കരസ്ഥമാക്കി .



**ആസ്പയർ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തി**

ആസ്പയർ ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തിയ ഇംഗ്ലീഷ് ഫെസ്റ്റ് പഞ്ചായത്ത് അധ്യക്ഷ ഇ കെ രാജി ഉൽഘാടനം ചെയ്തു

**OSA യുടെ നേതൃത്വത്തിൽ സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു**

OSA സെക്രട്ടറി ഉണ്ണികൃഷ്ണൻ സാറുടെ നേതൃത്വത്തിൽ സ്കൂൾ ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു .ഹൈസ്കൂൾ വിഭാഗം ക്ളാസ് റൂമുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി .





